ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 22.01.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1) കേന്ദ്രസർക്കാരിൻറെ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ സംരംഭം ലിംഗവിവേചനം തടയുന്നതിൽ സുപ്രധാനപങ്കു വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

On completing 10 years of the Beti Bachao Beti Padhao movement, Prime Minister Narendra Modi said that the movement has been instrumental in overcoming gender biases and created the right environment for the girl child.

2) രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിൽ എത്തും. മാവേലിക്കരയിലെ സൈനിക് സ്കൂളും, സുഗതോത്സവം സമാപന സമ്മേളനവും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

Defence Minister Rajnath Singh will arrive in Kerala today on a two-day visit. He is scheduled to inaugurate the Vidyadhiraja Vidyapeetham Sainik School in Mavelikkara and the Navati celebrations of poet and environmentalist, Sugathakumari in Aranmula.

3) റേഷൻ വ്യാപാരികൾ സംസ്ഥാനത്ത് പ്രഖ്യാപിച്ച കടയടപ്പു സമരം പിൻവലിക്കണമെന്നും, ആവശ്യങ്ങൾ ധനമന്ത്രിയുമായി ചർച്ച ചെയ്യുമെന്നും നിയമസഭയിൽ മന്ത്രി ജി.ആർ അനിൽ.

**Kerala Food Minister G R Anil requested the ration dealers in the state to withdraw from indefinite strike and agreed discussion of issues with State Finance Minister.**

4) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Political parties have intensified their campaigning for Delhi Assembly Polls.**

5) ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള ട്രംപ് ഭരണകൂടത്തിന്റെ തീരുമാനത്തിൽ ആശങ്ക അറിയിച്ച് WHO മേധാവി ടെഡ്രോസ് അദാനോം ഗെബ്രിയേസസ്.

**WHO Director General Tedros Adhanom Ghebreyeses expressed concern over the US President Donald Trump's decision to exit WHO.**

6) ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. ISL ഫുട്ബോളിൽ ഇന്ന്, ബെംഗളൂരു FC - ഒഡീഷയെ നേരിടും.

**In Cricket, first T20 International of five-match series between India and England to be played in Kolkata this evening. In ISL, Bengaluru will take on Odisha today.**

**********************

## Headline 1

### PM-BETI BACHAO BETI PADHAO

കേന്ദ്രസർക്കാരിൻറെ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ സംരംഭം പരിവർത്തനപരമാണെന്നും, സമൂഹത്തിന്റെ എല്ലാ മേഖലയിൽ നിന്നുമുള്ള പങ്കാളിത്തം ഇതിലുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ലിംഗവിവേചനം തടയുന്നതിനും, പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിലൂടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും പദ്ധതി വഴിയൊരുക്കി. കുട്ടികളുടെ ലിംഗ അനുപാതം കുറഞ്ഞ ജില്ലകളിൽ മികച്ച മാറ്റം കൊണ്ടുവരാൻ ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ സംരംഭത്തിലൂടെ സാധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. പദ്ധതിയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ ആശംസകൾ നേരുകയായിരുന്നു അദ്ദേഹം. പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നത് തുടരണമെന്നും, അവർക്ക് കൃത്യമായ വിദ്യാഭ്യാസം ഉറപ്പാക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. രാജ്യത്തെ ലിംഗ അസമത്വം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2015 ജനുവരി 22 നാണ് കേന്ദ്രസർക്കാർ പദ്ധതിക്ക് തുടക്കം കുറിച്ചത്.

***********************

## Headline 2

### DEFENCE MINISTER

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിൽ എത്തും. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ അദ്ദേഹം വിവിധ പരിപാടികളിൽ പങ്കെടുക്കും. മാവേലിക്കര വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിൻറെ ഉദ്ഘാടനം രാജ്യരക്ഷാ മന്ത്രി ഇന്ന് ഉച്ചക്ക് ശേഷം നിർവഹിക്കും. തുടർന്ന് ആറന്മുളയിൽ കവയിത്രി സുഗതകുമാരിയുടെ നവതി

ആഘോഷങ്ങളുടെ സമാപന സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ആറന്മുള വിജയാനന്ദ വിദ്യാപീഠം സ്കൂളിൽ നടക്കുന്ന പരിപാടിയിൽ നവതി ആഘോഷ സമിതി അംഗം പന്ന്യൻ രവീന്ദ്രൻ അധ്യക്ഷത വഹിക്കും. കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് ആറന്മുളയിലും സമീപപ്രദേശങ്ങളിലും സുരക്ഷാ, ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഉച്ചക്ക് 2.30 മുതൽ വാഹനങ്ങൾ വഴിതിരിച്ച് വിടും.

**********************

## Headline 3

### GR ANIL ( INTRO)

റേഷൻകടയുടമകൾ സംസ്ഥാനത്ത് നടത്താൻ നിശ്ചയിച്ചിരിക്കുന്ന കടയടപ്പു സമരം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് മന്ത്രി ജി.ആർ അനിൽ. നിയമസഭയിൽ ജി.സ്റ്റീഫൻ എം.എൽ.എയുടെ സബ്മിഷനു മറുപടി നൽകുകയായിരുന്നു അദ്ദേഹം. റേഷൻ വ്യാപാരികൾ ഉന്നയിച്ച ആവശ്യങ്ങൾ ധനമന്ത്രിയുമായി ചർച്ച ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

(വോയിസ്...)

കേരളത്തിലെ റേഷൻ വ്യാപാരികൾ ഈ മാസം 27 മുതലാണ് അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്നത്.

**********************

### ASSEMBLY – SIVANKUTTY ( INTRO)

സംസ്ഥാനത്ത് പെട്രോൾ പമ്പ് - പാചകവാതക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ്, മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതായി മന്ത്രി വി.ശിവൻകുട്ടി. മിനിമം വേതനം ലഭിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാർക്ക് പരാതി നൽകി പരിഹാരം കാണാവുന്നതാണെന്നും മന്ത്രി അറിയിച്ചു.

നിയമസഭയിൽ കെ. വി. സുമേഷ് എം.എൽ.എയുടെ സബ്മിഷനു മറുപടി നൽകുകയായിരുന്നു അദ്ദേഹം.

(വോയിസ്...)

**************************

## Strike –STATE GOVT

സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും സംസ്ഥാന വ്യാപകമായി ആഹ്വാനം ചെയ്ത സൂചനാ പണിമുടക്ക് പുരോഗമിക്കുന്നു. ശമ്പള കമ്മിഷൻ പ്രഖ്യാപിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സി.പി.ഐയുടെ സർവീസ് സംഘടനയായ ജോയിൻറ് കൗൺസിലിൻറെയും പ്രതിപക്ഷ സംഘടനകളുടെ കൂട്ടായ്മയായ സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഓർഗനൈസേഷൻറെയും നേതൃത്വത്തിലാണ് പണിമുടക്ക്. ജോലിക്ക് ഹാജരാകാതെ ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കുന്നത് ഡയസ് നോൺ ആയി കണക്കാക്കുമെന്നും പണിമുടക്കുന്ന ദിവസത്തെ ശമ്പളം ഫെബ്രുവരിയിലെ ശമ്പളത്തിൽ നിന്ന് കുറവു ചെയ്യുമെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

**************************

### Headline 4

## Delhi Election

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി, പാർട്ടിയുടെ ബൂത്ത് തല പ്രവർത്തകരുമായി നമോ ആപ്പിലൂടെ സംവദിക്കും. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി ഇന്ന് സദർ ബാസാർ മണ്ഡലത്തിൽ പ്രചാരണ യോഗത്തെ അഭിസംബോധന ചെയ്യും. അതേസമയം ഡൽഹി പോലീസ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബിജെപിയ്ക്ക് അനുകൂലമായി പ്രവർത്തിക്കുന്നതായി ആരോപിച്ച് ആം ആദ്മി നേതാവും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാൾ രംഗത്ത് വന്നു. 70 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് അടുത്ത മാസം അഞ്ചിനാണ്. വോട്ടെണ്ണൽ ഫെബ്രുവരി 8 ന് നടക്കും.

***********************

## Vaishnaw-Davos

സ്വിറ്റ്സർലൻഡ് സന്ദർശനം തുടരുന്ന കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്, സ്വിസ് ഫെഡറൽ റെയിൽവേ പ്രതിനിധികളുമായി ദാവോസിൽ കൂടിക്കാഴ്ച നടത്തി. റെയിൽ സുരക്ഷാ മേഖലയിലെ പുതിയ സാങ്കേതിക വിദ്യകളും പ്രവർത്തനരീതികളും ചർച്ചയായി. സെൻ്റ് മാർഗ്രെഥനിലുള്ള സ്റ്റാഡ്‌ലർ റെയിലിൻ്റെ റെയിൽ കോച്ച് നിർമാണ പ്ലാൻ്റും കേന്ദ്രമന്ത്രി  സന്ദർശിച്ചു.

***********************

## QUAD-JOINT STATEMENT

വാഷിംഗ്ടൺ ഡിസിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ വിദേശകാര്യമന്ത്രി എസ് ജയശങ്കർ പങ്കെടുത്തു. നിയമവാഴ്ച, ജനാധിപത്യ മൂല്യങ്ങൾ, പരമാധികാരം, പ്രാദേശിക സമഗ്രത എന്നിവ സംരക്ഷിക്കുന്നതിൽ ഇന്തോ-പസഫിക് മേഖലയ്ക്കുള്ള പ്രതിബദ്ധത ഉറപ്പിക്കുന്നതായിരുന്നു

കൂടിക്കാഴ്ചയെന്ന്  യുഎസ് വിദേശകാര്യ വകുപ്പ് സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. വർദ്ധിച്ചുവരുന്ന

വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ പ്രാദേശിക  നാവിക, സാമ്പത്തിക, സാങ്കേതിക സുരക്ഷ ശക്തിപ്പെടുത്തുന്നതിന്

ക്വാഡ്  പ്രതിജ്ഞാബദ്ധമാണെന്നും പ്രസ്താവനയിൽ

പറയുന്നു. ഇന്ത്യ, ഓസ്ട്രേലിയ, ജപ്പാൻ, യു.എസ് എന്നീ രാജ്യങ്ങളാണ് ക്വാഡ് കൂട്ടായ്മയിലുള്ളത്.

***********************

## AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനം ഫെബ്രുവരി 2 മുതൽ മാർച്ച് 30 വരെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും.

തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് സന്ദർശന

സമയം.  പ്രവേശനം സൗജന്യമാണ്.

***********************

## J&K-BNSS

ജമ്മു കശ്മീരിൽ കഴിഞ്ഞ 45 ദിവസത്തിനിടെ 17 ദുരൂഹ മരണങ്ങൾ നടന്ന രജൗരി ജില്ലയിലെ ബധാൽ ഗ്രാമം കണ്ടെയ്ൻമെൻ്റ് സോണായി പ്രഖ്യാപിച്ചു. പ്രദേശത്തെ മൂന്ന് സോണുകളായി തിരിക്കുകയും എല്ലാ പൊതു-സ്വകാര്യ പരിപാടികളും നിരോധിക്കുകയും ചെയ്തിട്ടുണ്ട് . കണ്ടെയ്ൻമെൻ്റ് സോണുകളിലെ കുടുംബങ്ങൾക്ക് നൽകുന്ന ഭക്ഷണം ഉദ്യോഗസ്ഥർ നിരീക്ഷിക്കും. കൂടുതൽ ജീവൻ നഷ്ടപ്പെടുന്നത് തടയാൻ കർശന നിയന്ത്രണ നടപടികൾക്കും ചീഫ് സെക്രട്ടറി നിർദ്ദേശം നൽകി. മരണകാരണം കണ്ടെത്താൻ പ്രത്യേക അന്വേഷണ സംഘവും ദേശീയ ഡയഗ്നോസ്റ്റിക് ടീമുകളും സാമ്പിളുകൾ വിശകലനം ചെയ്ത് വരികയാണ്.

************************

## Headline 5

## TRUMP

ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള ട്രംപ് ഭരണകൂടത്തിന്റെ തീരുമാനത്തിൽ ആശങ്ക അറിയിച്ച് WHO മേധാവി ടെഡ്രോസ് അദാനോം ഗെബ്രിയേസസ്. WHO യ്ക്ക് ഏറ്റവും കൂടുതൽ സാമ്പത്തിക സഹായം ചെയ്യുന്ന അമേരിക്കയുടെ പിന്മാറ്റം സംഘടനയുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് ആശങ്ക ഉയരുന്നതിനിടെയാണ് പ്രതികരണം. കോവിഡ് കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി ആരോപിച്ചാണ് ലോകാരോഗ്യ സംഘടനയിൽ നിന്നുമുള്ള ട്രംപിൻറെ പിന്മാറ്റം. 2021ലെ പാരീസ് കാലാവസ്ഥാ ഉടമ്പടിയിൽ നിന്നും പിന്മാറാനുള്ള തീരുമാനവും യുഎസ് പ്രസിഡൻറായി ചുമതലയേറ്റതിനു പിന്നാലെ ഡോണൾഡ് ട്രംപ് കൈക്കൊണ്ടിരുന്നു. അനധികൃത കുടിയേറ്റക്കാരുടെ യു.എസിൽ ജനിക്കുന്ന കുട്ടികൾക്ക് പൗരത്വം അനുവദിച്ചിരുന്ന ജന്മാവകാശ പൗരത്വ സമ്പ്രദായവും ട്രംപ്

നിർത്തലാക്കി. വിനോദസഞ്ചാരികൾ, വിദ്യാർത്ഥികൾ, വർക്ക് വിസയിലുള്ളവർ തുടങ്ങി താത്കാലിക വിസക്കാരുടെ കുട്ടികൾക്കും ഇനി മുതൽ പൗരത്വം ലഭിക്കുകയില്ല.

**********************

## WATER TREATY

ജമ്മു-കശ്മീരിലെ രണ്ട് ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്കും പാകിസ്ഥാനുമിടയിൽ നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കാൻ പ്രത്യേക കോടതി രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് ലോകബാങ്ക് നിയമിച്ച നിഷ്പക്ഷ വിദഗ്ധൻ. തർക്ക പരിഹാര കോടതി എന്ന നിർദ്ദേശം പാകിസ്ഥാൻ ആണ് മുന്നോട്ട് വച്ചത്. കിഷൻഗംഗ, റാറ്റിൽ ജലവൈദ്യുത പദ്ധതികൾ സിന്ധു നദീജല കരാർ പാലിക്കുന്നുണ്ടോ എന്നതാണ് തർക്കവിഷയം.

**********************

**Headline 6 (a)**

## FOOTBALL–ISL

ISL ഫുട്ബോളിൽ ഇന്ന്, ബെംഗളൂരു FC - ഒഡീഷയെ നേരിടും. രാത്രി 07:30 ന് ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

**********************

**Headline 6**

## IND – ENG CRICKET

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യമത്സരം കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്ന് രാത്രി 7 മണിക്ക് നടക്കും.

**********************

************

*********